(സി) ഏതുവർഷം വരെയുള്ള ക്രെഡിറ്റ് കാർഡാണ് ജീവനക്കാർക്ക് നൽകിയിട്ടുള്ളത്;

(ഡി) ക്രെഡിറ്റ് കാർഡ് കുറ്റമറ്റ രീതിയിലും കൃത്യതയോടെയും മുൻവർഷം വരെയുള്ളത് അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) പഞ്ചായത്ത് വകുപ്പിലെ പി. എഫ്. സംവിധാനത്തിന്റെ പരാതി പരിഹരിക്കുന്നതിന് നിലവിലുള്ള മുഴുവൻ ജീവനക്കാരുടെയും വകുപ്പുതല പി. എഫ്.-നു പകരം ജി. പി. എഫ്. നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താൽക്കാലിക വായ്പ അനുവദിക്കുന്നതിന് കാലതാമസമുണ്ടാകാറില്ല. എന്നാൽ എൻ. ആർ. എ. അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. കമ്പ്യൂട്ടറൈസേഷൻ നടപടി പൂർത്തിയാകുന്നതോടെ കാലതാമസം ഒഴിവാക്കാൻ കഴിയും.

(സി) 2000-2001 വരെയുള്ള ക്രെഡിറ്റ് കാർഡുകളാണ് ഇപ്പോൾ നൽകി വരുന്നത്.

(ഡി) സ്വീകരിച്ചുവരുന്നു.

(ഇ) ഇതിലേക്ക് ആവശ്യമായിവരുന്ന അധികം ജീവനക്കാരെ അനുവദിക്കുന്നതിന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി. ഐ. ജി.) അനുവാദം നൽകുന്ന മുറയ്ക്ക് ജി. പി. എഫ്. സൗകര്യം അനുവദിക്കാവുന്നതാണ്.

നിർത്തലാക്കിയ വികസന അതോറിറ്റികളും തസ്തികകളും

81 [3132] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര വികസന അതോറിറ്റികൾ ചെയ്തുവന്നിരുന്ന ജോലികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ വികസന അതോറിറ്റികൾ നിർത്തലാക്കി;

(ബി) ഏതൊക്കെ വികസന അതോറിറ്റിയിലെ ഉദ്യോഗസ്ഥ തസ്തികകൾ വെട്ടിക്കുറച്ചു;

(സി) നിർത്തലാക്കിയ വികസന അതോറിറ്റികളിലെ സ്ഥിരം ജീവനക്കാർക്ക് എവിടെയാണ് നിയമനം നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വെട്ടിക്കുറയ്ക്കുകയും നിർത്തലാക്കുകയും ചെയ്യുന്ന തസ്തികകളിലെ ജീവനക്കാരെ തസ്തികയോടുകൂടിത്തന്നെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പഞ്ചായത്ത് വകുപ്പിനായി പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന എഞ്ചിനീയറിംഗ് വിംഗിലേക്ക് നഗര വികസന അതോറിറ്റികളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ, കോട്ടയം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ വികസന അതോറിറ്റികൾ നിർത്തലാക്കി.

(ബി) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, ഇടുക്കി എന്നീ വികസന അതോറിറ്റികളിലെ ഉദ്യോഗസ്ഥ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ട്.

(സി) പാലക്കാട് വികസന അതോറിറ്റിയിൽ ഉണ്ടായിരുന്ന സ്ഥിരം ജീവനക്കാർക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലും തൃശ്ശൂർ വികസന അതോറിറ്റിയിലും നിയമനം നൽകുകയുണ്ടായി നിർത്തലാക്കിയ മറ്റ് വികസന അതോറിറ്റികളിൽ സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നില്ല

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

വാണിജ്യ വ്യാപാര കേന്ദ്രങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

82 [3133] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വാണിജ്യ വ്യാപാര കേന്ദ്രങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ വളരെ പിന്നോക്കം നിൽക്കുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ടോയ്ലറ്റ് സൗകര്യംകൂടി വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(സി) കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ പ്രസ്തുത വിഷയത്തിന് പ്രത്യേകം നിർദ്ദേശം നൽകുമോ;

(ഡി) പ്രധാന കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടോയ്ലറ്റ് നിർമ്മിക്കുന്നതിനും അതിന്റെ നടത്തിപ്പിനും പ്രത്യേകം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly